(ഇ) ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിനായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ?

ഉത്തരം

(എ) യോഗം ചേർന്നു

(ബി) സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) തീരുമാനങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കാനായി വാഹന പരിശോധന വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ പോയി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. സ്കൂളുകളുടെ മുന്നിൽ സ്കൂൾ വിടുന്ന സമയത്ത് ചെക്കിംഗ് നടത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ പരാതികൾ ഉടനടി അന്വേഷിച്ച് നടപടിക്കുവേണ്ടി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ക്രമീകരണങ്ങൾ ഇനിയും തുടരുന്നതാണ്.

ലോ-ഫ്ളോർ ബസ്സുകളുടെ ചാർജ്ജ് കുറയ്ക്കാൻ നടപടി

131 (5351) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോ-ഫ്ളോർ വോൾവോ എ.സി. ബസ്സുകളുടെ യാത്രാ ചാർജ്ജ് കൂടുതലായതിനാൽ സാധാരണ ജനങ്ങൾ ഈ ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് വൈമനസ്യം കാണിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബസ്സുകളുടെ യാത്രാചാർജ്ജ് കുറയ്ക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly